ശ്രീ. പി. കെ. വേലായുധൻ: മാനേജ്മെന്റും തൊഴിലാളി യൂണിയനുകളും തമ്മിലൊരു ധാരണയിലെത്താത്തതുകൊണ്ടുമാത്രമാണ്.

ശ്രീ. സി.കെ. തങ്കപ്പൻ: - കെ. എസ്. ആർ. ടി. സി. യുടെ കീഴിൽ ഉള്ള ജീവനക്കാരും തൊഴിലാളികളും എത്രയാണെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? അവരുടെ ഇടയിൽ നിലവിലുള്ള സംഖ്യ പരിശോധിച്ചിട്ട് ഹരിജനങ്ങൾക്ക് സംവരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശപ്പെട്ട പോസ്റ്റുകൾ ഇല്ലെന്നുള്ള വ്യാപകമായ പരാതി പൊന്തിവന്നിട്ടുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വസ്തുതകളെന്താണെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. പി. കെ. വേലായുധൻ: കെ. എസ്. ആർ. ടി. സി. യിലുള്ള മൊത്തം ജീവനക്കാരുടെ എണ്ണം അവിടെയുള്ള പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ എണ്ണവും തമ്മിൽ നോക്കുമ്പോൾ പട്ടികജാതിക്കാർക്ക് എട്ടു ശതമാനവും പട്ടികവർഗ്ഗക്കാർക്ക് രണ്ടു ശതമാനവും കൊടുക്കേണ്ടതു പൂർണ്ണമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം റാങ്ക് ലിസ്റ്റിൽ നിൽക്കുന്ന റിസർവ്വ് കണ്ടക്ടർമാരെ നിയമിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വർക്ക് അസസ്മെന്റിനെ സംബന്ധിച്ചിടത്തോളം ഐ. റ്റി. ഐ., നോൺ ഐ. റ്റി. ഐ. എന്നിവയെ സംബന്ധിച്ചിടത്തോളം ഒരു കേസ് ഹൈക്കോടതിയിൽ ഉണ്ടായിരുന്നു. അതിൽനിന്നും ഒരു ഡയറക്ഷൻ വന്നിട്ടുണ്ട്. ബുദ്ധിമുട്ടുകളെല്ലാം പരിഹരിച്ചുകൊണ്ട് നിയമന നടപടികളും സ്വീകരിക്കുകയാണ്. അതുമാത്രമല്ല, ആഗസ്റ്റ് ഒന്നാംതീയതി കെ.എസ്. ആർ. ടി. സി. യുടെ ചെയർമാൻ; ട്രാൻസ്പോർട്ട് സെക്രട്ടറിയും ഞാൻ ചെയർമാനായിട്ടുള്ള റിവ്യൂ കമ്മിറ്റിയും ചേർന്ന് ഇതിന് ഫലപ്രദമായ നടപടികളും സ്വീകരിക്കാൻ നടപടിയെടുക്കുന്നതാണ്.

പരമ്പരാഗത വ്യവസായ തൊഴിലാളി ക്ഷേമനിധി

* 300 [441] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. പി. എ. മജീദ്:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. റ്റി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ തൊഴിലാളി ക്ഷേമനിധിയിലേക്ക് വിഹിതം സ്വരൂപിക്കുന്നത് ആരിൽനിന്നെല്ലാമാണ്;

(ബി) ക്ഷേമനിധിയിൽനിന്നും സഹായം ലഭിക്കുന്നത് ആർക്കെല്ലാമാണ്;

(സി) നാളിതുവരെ എത്രപേർക്ക് എന്തു തുക സഹായമായി നൽകി?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) കശുവണ്ടി, കയർ, കൈത്തറി എന്നീ പരമ്പരാഗത വ്യവസായങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായുള്ള ക്ഷേമനിധികളെ ഇപ്പോൾ പൂർണ്ണമായും സർക്കാർ വിഹിതം കൊണ്ടാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കശുവണ്ടി, കയർ, കൈത്തറി എന്നീ വ്യവസായങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ ടി ക്ഷേമനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതാണ്.

(സി) (1) കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി 80,885 ഗുണഭോക്താക്കൾക്കായി 65,33,825 രൂപ നൽകിയിട്ടുണ്ട്.

(2) കയർ തൊഴിലാളി ക്ഷേമനിധി 290 ഗുണഭോക്താക്കൾക്കായി 2,19,400 രൂപ നൽകിയിട്ടുണ്ട്.

(3) കൈത്തറി തൊഴിലാളി ക്ഷേമനിധി 152 ഗുണഭോക്താക്കൾക്കായി 90,800 രൂപയും നൽകിയിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: ബീഡിത്തൊഴിലാളി മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുമെന്നുള്ള പ്രഖ്യാപനമുണ്ടായിരുന്നു. അത് നടപ്പിലാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: ബീഡിത്തൊഴിലാളികളുടെ ക്ഷേമനിധിയെ സംബന്ധിച്ചിടത്തോളം എംപ്ലോയേഴ്സും എംപ്ലോയീസും തമ്മിലൊരു എഗ്രിമെന്റ് ഉണ്ട്. ഒരു തൊഴിലാളിക്ക് ഒരു മാസം മാനേജ്മെന്റിൽനിന്നും നാലു രൂപയും ഒരു തൊഴിലാളിയിൽനിന്ന് രണ്ടു രൂപയും വീതം വാങ്ങി രണ്ടുംകൂടി ചേർത്ത് ഒരു ക്ഷേമനിധി ഉണ്ടാക്കുവാനുള്ള നടപടി എടുത്തുവരികയാണ്.

ശ്രീ. കെ. പി. എ. മജീദ്: കയർത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: അതിന്റെ കണക്കുകൾ എന്റെ കയ്യിലില്ല.

ശ്രീ. എം. പി. എം. ഇസ്ഹാക്ക്: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു, കയർ, കശുവണ്ടി, കൈത്തറി എന്നീ തൊഴിലാളികൾക്കു മാത്രമേ ക്ഷേമനിധി നടപ്പിലാക്കിയിട്ടുള്ളൂ എന്ന്. നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായത്തൊഴിലാളികളായ മൺപാത്രങ്ങൾ ഉണ്ടാക്കുന്നവർക്കും സർണ്ണപണിക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: ഇങ്ങനെയുള്ള തൊഴിലാളികളെയെല്ലാം ഉൾപ്പെടുത്തി ഒരു ഗ്രാമീണ തൊഴിലാളി ക്ഷേമനിധിയുടെ സ്കീം തയ്യാറാക്കിയിട്ടുണ്ട്. അത് വളരെ വേഗം നടപ്പിലാക്കാവുന്നതാണ്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക്: കശുവണ്ടിത്തൊഴിലാളികളുടെയും കൈത്തറിത്തൊഴിലാളികളുടേയും കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അവർക്ക് ക്ഷേമനിധി കൊടുക്കുന്നുണ്ടെന്നും പറഞ്ഞു. മലപ്പുറം ജില്ലയിൽനിന്ന് എത്ര അപേക്ഷകൾ ഇതിനുവേണ്ടി ലഭിച്ചിട്ടുണ്ട്; ആർക്കെങ്കിലും ക്ഷേമനിധി കൊടുത്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ജില്ലതിരിച്ചുള്ള കണക്കുകൾ എന്റെ കയ്യിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: ഈ ക്ഷേമനിധി വിതരണം ചെയ്യുന്നത് എന്തു മാനദണ്ഡം വച്ചാണെന്ന് പറയാമോ?

ശ്രീ. കെ. ശിവദാസൻ: വ്യവസായങ്ങളിൽ തൊഴിലാളിയായിരിക്കുക, 3,600 രൂപയിൽ കുറഞ്ഞ വരുമാനമുണ്ടായിരിക്കുക എന്നുള്ളതാണ് ഇതിനുള്ള മാനദണ്ഡം. അങ്ങനെയുള്ളവർക്ക് വിദ്യാഭ്യാസം, വൈദ്യ സഹായം തുടങ്ങിയ കാര്യങ്ങൾക്കായി ക്ഷേമനിധി കൊടുക്കാറുണ്ട്.

ശ്രീ. സി.ടി. അഹമ്മദ് അലി: ഈ ക്ഷേമനിധി ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുന്നതെന്ന് പറയാമോ?

ശ്രീ. കെ. ശിവദാസൻ: വലിയ കാലതാമസമുണ്ടായിട്ടുള്ളതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ പരാതി വന്നാൽ അതിന് വേണ്ട നടപടികളെടുക്കുന്നതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: ഈറ, പനമ്പ് തുടങ്ങിയ വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളും തലമുറകളായി ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. എന്നാൽ അവരെ പരമ്പരാഗത തൊഴിലാളികളായി കണക്കിലെടുത്ത് അവർക്കെന്തെങ്കിലും ധനസഹായം ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. ഈ ക്ഷേമനിധിയിൽ അവരെയും ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നറിയില്ല. ഇക്കാര്യം പരിശോധിക്കുന്നതിനും അവർക്ക് ഇതിന്റെ പ്രയോജനങ്ങൾ ഉണ്ടാകുന്നതിനും നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: അവർക്ക് പ്രത്യേകമായി ഒരു ക്ഷേമനിധിയുണ്ടാകണമെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്. എന്നാൽ ഗ്രാമീണ തൊഴിലാളി ക്ഷേമനിധിയിൽ ഇവരെക്കൂടി ഉൾപ്പെടുത്തണമെന്ന അഭിപ്രായം ഉണ്ടെങ്കിൽ ഒരു നോട്ടിഫിക്കേഷൻ വഴി അവരെക്കൂടി ഉൾപ്പെടുത്താവുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: കയർതൊഴിലാളി ക്ഷേമനിധിയുടെ കസ്റ്റോഡിയൻ ആരാണ്? അതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വിഹിതമെന്താണ്? ഉൽപ്പാദകരും കോ-ഓപ്പറേറീവ് സൊസൈറ്റികളും ഇതിൽ കോൺട്രിബ്യൂട്ട് ചെയ്യുന്നുണ്ടോ; അഥവാ കോൺട്രിബ്യൂട്ട് ചെയ്യുന്നില്ലെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയാമോ?

ശ്രീ. കെ. ശിവദാസൻ: ലേബർ കമ്മീഷണറാണ് ഇതിന്റെ കസ്റ്റോഡിയൻ. ബഡ്ജറ്റിന്റെ വിഹിതമനുസരിച്ചുള്ള സർക്കാരിന്റെ ഫണ്ടല്ലാതെ വേറൊരു ഫണ്ടുകളും ഇതുവരെ ഇതിന് ലഭിച്ചിട്ടില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ക്ഷേമനിധിയിലേക്ക് കഴിഞ്ഞ നാലു വർഷമായി ബഡ്ജറ്റിൽ എത്ര തുക വീതമാണ് ഓരോ വർഷവും വക കൊള്ളിച്ചിട്ടുള്ളത്, അതിൽ ഓരോ വർഷവും എത്ര രൂപ വീതമാണ് ചെലവാക്കുന്നതെന്നും വ്യക്തമാക്കാമോ? ചെലവാക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: കഴിഞ്ഞ വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള തുക മുഴുവനും ചെലവാക്കിയിട്ടുണ്ട്. അതിന്റെ കണക്കുകളാണ് ഞാൻ നേരത്തെ വായിച്ചത്. ബഡ്ജറ്റ് അലോട്ട്മെന്റ് അനുസരിച്ചുള്ള കണക്കുകൾ എന്റെ കയ്യിലില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ബഡ്ജറ്റ് അലോട്ട്മെന്റ് എത്ര യാണെന്നു പറയാതെ മറുപടി പറഞ്ഞാലെങ്ങനെയാണ്?

ശ്രീ. കെ. ശിവദാസൻ: അത് ഞാൻ വേണമെങ്കിൽ പിന്നീട് പരിശോധിച്ച് പായാം.

ശ്രീ. വി.സി. കബീർ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ കൈത്തറിത്തൊഴിലാളിക്ഷേമനിധിയായിട്ട് 90,800 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് പറഞ്ഞു. മൂന്നുലക്ഷത്തിലേറെ വരുന്ന കൈത്തറിത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും അവരുടെ വിദ്യാർത്ഥികളുടെ പഠനം പൂർത്തിയാക്കുന്നതിനുമുള്ള സഹായങ്ങൾ കൊടുക്കുവാനുള്ള നിരവധി അപേക്ഷകൾ പെൻഡിംഗിലാണ്. ഈ സാഹചര്യത്തിൽ ഈ വർഷമെങ്കിലും കൂടുതൽ സംഖ്യ കൈത്തറിത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: കൂടുതൽ സംഖ്യ അനുവദിപ്പിക്കുന്നതിനുവേണ്ടി ഒരു ശ്രമം നടത്താവുന്നതാണ്. കിട്ടുന്ന മുറയ്ക്ക് അത് വിതരണം ചെയ്യുന്നതാണ്.

ശ്രീ. ഇ. ജെ. ലൂക്കോസ്: കോട്ടയം ജില്ലയിലെ കൈത്തറിത്തൊഴിലാളികളുടെ ക്ഷേമനിധിയിലുള്ള തുക അനുവദിക്കാത്തതിന്റെ ഫലമായി ഈ വർഷം സ്കൂൾ തുറന്നയവസരത്തിൽ രക്ഷാകർത്താക്കൾ വളരെയധികം പ്രയാസപ്പെട്ടു. പ്രസ്തുത തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഇതിൽ അനുവദിച്ച തുക ഇനിയില്ലയെന്നുള്ളതാണ് വസ്തുത. ആ തുക കിട്ടാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള കശുവണ്ടി തൊഴിലാളി ക്ഷേമനിധി നിയമത്തിന് ഇതുവരെ കേന്ദ്രത്തിന്റെ അംഗീകാരം കിട്ടിയിട്ടുണ്ടോ? അംഗീകാരം കിട്ടാൻ ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ടോ? കിട്ടിയിട്ടില്ലെങ്കിൽ അംഗീകാരം നേടുന്നതിന് ശ്രമം നടത്തുമോ?

ശ്രീ. കെ. ശിവദാസൻ: കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി എന്നു പറയുന്നത് ഈ ആക്ടാണ്. എംപ്ലോയേഴ്സ് വിൽക്കുന്ന കശുവണ്ടിയിൽ നിന്ന് ടാക്സ് പിരിച്ച് ക്ഷേമനിധി ഉണ്ടാക്കുന്നതിനാവശ്യമായ ബിൽ ഉണ്ടാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചിരുന്നു. കേന്ദ്ര ഗവൺമെന്റിൽനിന്ന് അതിന് സാങ്ഷൻ ലഭിച്ചില്ല. വ്യവസായത്തിന് പ്രതികൂലമായിരിക്കുമെന്നുള്ള മറുപടിയാണ് കിട്ടിയത്. അതല്ല, സാങ്ഷൻ തരണമെന്നു പറഞ്ഞ് വീണ്ടും കേന്ദ്രഗവൺമെന്റിന് എഴുതിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: കശുവണ്ടി തൊഴിലാളിക്ഷേമനിധി നിയമം ഈ നിയമസഭ പാസ്സാക്കിയതാണ്. ഈ നിയമം കേന്ദ്രഗവൺമെൻറിന്റെ അനുമതിയോടെ നമുക്ക് നടപ്പാക്കാൻ കേന്ദ്രത്തിന് എത്ര പ്രാവശ്യം നിവേദനം നടത്തി? ഇതിന് കേന്ദ്ര ഗവൺമെൻറ് നൽകിയ മറുപടിയിൽ ഉന്നയിച്ച സംശയങ്ങൾക്ക് സംസ്ഥാന ഗവൺമെൻറ് മറുപടി കൊടുത്തിട്ടുണ്ടോ? ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഈ നിയമം നടപ്പാക്കുന്നതിനുവേണ്ടി എന്തെങ്കിലും നിവേദനം നടത്തുകയോ അതിന് മറുപടി അയയ്ക്കുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്നാണ് മറുപടി അയച്ചതെന്ന് പറയാൻ കഴിയുമോ?

ശ്രീ. കെ. ശിവദാസൻ: ഇത് ഞാൻ നേരത്തെ പറഞ്ഞതു പോലെ തന്നെ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്നാണ് അവിടത്തെ കൺസേൺഡ് മിനിസ്ട്രിയുടെ അഭിപ്രായം. അത് ഇവിടെ അറിയിച്ചിട്ടുണ്ട്. അങ്ങനെ വരേണ്ട കാര്യമില്ല, വ്യവസായത്തിന് ഒരു താങ്ങാവുന്ന കാര്യമായതുകൊണ്ട് അത് അനുവദിക്കണമെന്ന് പറയുകയും ചെയ്തു. അതിന്റെ ഡേറ്റൊന്നും എന്റെ കൈവശമില്ല. ഞാൻ ഇവിടെ നിന്ന് പലപ്പോഴും ലേബർ മിനിസ്റ്ററുമായി, മുൻമന്ത്രി അഞ്ജയ്യ ഇരിക്കുമ്പോഴും, ഇപ്പോഴത്തെ മന്ത്രിയുമായും ഇതിനെപ്പറ്റി പ്രത്യേകം നിവേദനം നടത്തിയിട്ടുണ്ട്. ഇ. എസ്. ഐ. ബനിഫിറ്റ് പുതിയ അമെൻഡ്മെൻഡ് മൂലം കശുവണ്ടി തൊഴിലാളികൾക്ക് ലഭ്യമാകാത്ത സാഹചര്യം വന്നപ്പോൾ ഇങ്ങനെ ഒരു ക്ഷേമനിധി ഞങ്ങളുടെ കൈവശമുണ്ട്, അതിന് നിങ്ങൾ അനുവദിക്കുകയാണെങ്കിൽ ആ പണംകൊണ്ട് ക്ഷേമ പ്രവർത്തനങ്ങൾ ഞങ്ങൾ നടത്താം, അതുകൊണ്ട് എത്രയുംവേഗം അത് അംഗീകരിച്ചുതരണമെന്ന് കേന്ദ്രഗവൺമെൻറിന് പ്രത്യേകം നിവേദനം നടത്തിയിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ: ഇവിടെ ബഹുമാന്പ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഗ്രാമീണ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധിയുണ്ടെന്നു പറഞ്ഞു. ആ ക്ഷേമനിധിയുടെ പ്രയോജനം ഏതെല്ലാം വിഭാഗക്കാർക്കാണ് കിട്ടുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: പരമ്പരാഗത തൊഴിലാളികളായ ആശാരി, സ്വർണ്ണപ്പണിക്കാർ, മൂശാരി, തയ്യൽക്കാരൻ, ബാർബർ ഇങ്ങനെയുള്ളവർക്കാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പങ്കജാക്ഷൻ പറഞ്ഞതുപോലെയുള്ള ആളുകളെ ഉൾപ്പെടുത്തണമെങ്കിൽ അവരെയും ഉൾപ്പെടുത്തി എല്ലാവർക്കും ഇതിന്റെ പ്രയോജനം കിട്ടുന്നതാണ്.

ശ്രീ. ടി. കെ. ആറുമുഖൻ: ഏതെല്ലാം ഗ്രാമീണ തൊഴിലാളികൾക്കു വേണ്ടി ക്ഷേമനിധി കൊണ്ടുവരാൻ കഴിയുമെന്ന് ശ്രീ. എം. കെ. കേശവന്റെ ചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞു. പക്ഷെ ഒരു നിശ്ചിത സമയത്ത് അവരെയെല്ലാം ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: കാര്യങ്ങൾ പ്രൊസീഡ് ചെയ്യുന്നതു പോലെ നടക്കുകയാണെങ്കിൽ രണ്ടുമൂന്നാഴ്ചക്കുള്ളിൽ അത് പ്രഖ്യാപിച്ച് നടപ്പിലാക്കാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: 1980–81-ൽ കയർ തൊഴിലാളി ക്ഷേമ നിധിക്കുവേണ്ടി ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഒരു കോടി രൂപയാണ് ഒരു വർഷം മാറ്റിവച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കഴിഞ്ഞ വർഷം അഞ്ചു ലക്ഷം തൊഴിലാളികളുള്ള കേരളത്തിൽ, ഏറ്റവും വലിയ പരമ്പരാഗത വ്യവസായ മേഖലയിൽ 290 തൊഴിലാളികൾക്കു മാത്രമാണ് ആനുകൂല്യങ്ങൾ കൊടുത്തിട്ടുള്ളതെന്നു പറഞ്ഞു. ഇതിന് അപേക്ഷകർ കുറവായതുകൊണ്ടാണോ, അതല്ലെങ്കിൽ കയർത്തൊഴിലാളികൾക്കു പണം കുറവാകാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, അന്ന് ബഡ്ജറ്റിൽ ഇതിനുവേണ്ടി തുക ആദ്യം ഉൾക്കൊള്ളിച്ചിരുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെയുള്ള ആളുകൾ ഇതുകൂടി ഉൾപ്പെടുത്തണമെന്ന് ഒരു പ്രശ്നം ഉന്നയിച്ചതിന്റെ ഫലമായി അന്ന് ധനകാര്യമന്ത്രിയായിരുന്ന ശ്രീ. കെ.എം. മാണി ഓരോ കോടി രൂപ ഇതിന് വയ്ക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷെ ഒരു പൈസപോലും ഇതിൽ വച്ചിരുന്നില്ല. അതുകൊണ്ട് ആ നിലയിൽ അത് നടപ്പായില്ല. ഈ ഗവൺമെന്റ് വന്നശേഷം വിവിധ ക്ഷേമനിധികൾ, കശുവണ്ടിക്കാണെങ്കിൽ ഒന്നരക്കോടി രൂപയും മറ്റുള്ളവയ്ക്ക് അതിനേക്കുറഞ്ഞ എമൗണ്ടുകളുമായിട്ട് നടത്തി വരുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: കയർ തൊഴിലാളികളുടെ ക്ഷേമ നിധിയിലേക്ക് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ എത്ര ലക്ഷം രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്? അതിൽ എത്ര ചെലവാക്കിയിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. കെ. ശിവദാസൻ: ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള കണക്ക് എന്റെ കൈവശമില്ല. അത് ഞാൻ നാളെ കൊടുക്കാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: 1980-ലെ കണക്ക് പറയുന്നുണ്ടല്ലോ? ഇക്കൊല്ലത്തെ ബഡ്ജറ്റ് അലോട്ട്മെന്റ് എത്രയാണെന്ന് പറയാൻ എന്താണ് വിഷമം?.....(ബഹളം).....

ശ്രീ. കെ. പി. പ്രഭാകരൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, കയർ കശുവണ്ടി തൊഴിലാളികൾക്ക് 1981–ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പുതിയ ക്ഷേമപരിപാടികൾക്കു വേണ്ടി ചെലവാക്കുന്ന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടാണ് ഓരോ കോടി രൂപ ധനകാര്യമന്ത്രി പ്രഖ്യാപിച്ചത് എന്നാണ്. അങ്ങനെ ബഡ്ജറ്റിൽ പ്രസംഗിച്ചു കഴിഞ്ഞാൽ അത് ബഡ്ജറ്റിന്റെ ഭാഗമായിട്ട് വരാറുണ്ട്. ഏതായാലും അന്നത്തെ നിർദ്ദേശം സർക്കാരിന്റെ വകയായിട്ട് ഒരു കോടി രൂപ കൊടുക്കുകയെന്നുള്ളത് മാത്രമായിരുന്നില്ല. ഒരു ക്ഷേമനിധിയിലേക്കുള്ള സർക്കാരിന്റെ കോൺട്രിബ്യൂഷൻ ഒരു കോടി രൂപയും കശുവണ്ടി ഉടമകളിൽ നിന്നും ഒക്കെ ഇതിലേക്ക് ഒരു വിഹിതമായി സംഭരിച്ചുകൊണ്ട് ഒരു ഫണ്ട് സ്വരൂപിക്കാനായിരുന്നു. അതിന്റെ ഒരു സ്കീമും തയ്യാറാക്കിയതാണ്. ആ സ്കീം ദേഭേതി ചെയ്ത്, ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ പത്തിരുപതിനായിരം രൂപ മാത്രം ഒരു കൊല്ലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്താൽ മതി, അത് ലേബർ ഡിപ്പാർട്ടുമെൻറ് മാത്രം നിശ്ചയിച്ചാൽ മതി എന്നു പറഞ്ഞു. ഈ ക്ഷേമനിധിയെ ഇല്ലാതാക്കുന്ന വിധത്തിൽ ഈ സ്കീം ഭേദഗതിചെയ്യുന്നതിന് എന്താണ് പ്രത്യേക കാരണം? അഞ്ചു ലക്ഷം കയർ തൊഴിലാളികളുടെയും കശുവണ്ടി തൊഴിലാളികളുടെയും കാര്യത്തിലാണ് ഇത് പറയുന്നത്. 90,000 രൂപ ചെലവാക്കി 200 ആളുകൾക്ക് കൊടുത്തു, 100 ആളുകൾക്ക് കൊടുത്തു എന്നാണ്. അത് ഇന്ന് എല്ലാവർക്കും ബാധകമാക്കി, ഉടമകളിൽ നിന്നുകൂടി കോൺട്രിബ്യൂഷൻ വാങ്ങിക്കൊണ്ടുള്ള ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് എന്താണ് തടസ്സം?

ശ്രീ. കെ. ശിവദാസൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയാതൊരു മാറ്റവും അന്നത്തെ ക്ഷേമനിധിയിൽ വരുത്തിയിട്ടില്ല. അന്നും ഇന്നും പറഞ്ഞിരിക്കുന്നത്, ഗവൺമെൻറിൽ നിന്ന് കിട്ടുന്ന പണവും എംപ്ലോയേഴ്സിൽ നിന്ന് കിട്ടുന്ന പണവും മറ്റേതെങ്കിലും സോഴ്സിൽ നിന്ന് കിട്ടുന്ന പണവും കൂടിയാണ് ഫണ്ട് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതെന്നാണ്. ഞാൻ പറഞ്ഞത്, ഗവൺമെൻറിൽ നിന്നുള്ള പണമേ അതിൽ ഉണ്ടായിരുന്നുള്ളുവെന്നാണ്. ബഡ്ജറ്റിൻറെ കാര്യം പറഞ്ഞത്, ബഹുമാനപ്പെട്ട താമരാക്ഷൻ ചോദിച്ചത്, അന്ന് അങ്ങനെ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് ഇത്ര കുറഞ്ഞതെന്താണ് എന്നാണ്. അന്ന് പണം ഉണ്ടായിരുന്നില്ല; ചെലവായില്ല. ഇന്ന് പണമുണ്ടായിരുന്നതുകൊണ്ട് അത് ചെലവായി.

കെ. എസ്. ആർ. റ്റി. സി. യിലെ ട്രാൻസ് മൊബൈൽ യൂണിറ്റുകൾ

301 [442] ശ്രീ. കെ. പി. രാമൻ:
,, പി. വി. മുഹമ്മദ്:
,, നാലകത്ത് സൂപ്പി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. റ്റി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. യിൽ എത്ര ട്രാൻസ് മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവ ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തിക്കുന്നത്;

(സി) ഇവയുടെ പ്രവർത്തനംകൊണ്ട് കെ.എസ്.ആർ. ടി. സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇതര ജില്ലകളിൽ കൂടി ഈ ട്രാൻസ് മൊബൈൽ യൂണിറ്റുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) അഞ്ചെണ്ണം.

(ബി) തിരുവനന്തപുരം ജില്ലയിൽ മാത്രം.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly